**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2515** **02-08-2021 - ൽ മറുപടിയ്ക്ക്**

**ഓൺലൈൻ ക്ലാസ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് 19 നെ തുടർന്ന് വിദ്യാലയങ്ങൾ തുറന്നു പ്രവർത്തിക്കാത്ത സാഹചര്യത്തിൽ, പ്ലസ് ടു ലെവൽ വരെയുള്ള വിദ്യാർത്ഥികളുടെ ക്ലാസ്സുകൾ നടത്തുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് പൊതു വിദ്യാഭ്യാസ വകുപ്പ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (എ) | പ്രീ-പ്രൈമറി മുതൽ ഹയർസെക്കന്ററി വരെയുള്ള ക്ലാസ്സുകളിലേക്കുള്ള പാഠഭാഗങ്ങൾ കൈറ്റ് വിക്ടേഴ്സ് ചാനൽ മുഖേന ഡിജിറ്റൽ രൂപത്തിൽ സംപ്രേക്ഷണം ചെയ്യുന്നുണ്ട്. കുട്ടികൾ കുറവുള്ള വിഷയങ്ങളുടെ ക്ലാസ്സുകൾ തയ്യാറാക്കി യൂ ട്യൂബ് വഴി അപ് ലോഡ് ചെയ്യുന്നുണ്ട്. ഓരോ ഡിജിറ്റൽ ക്ലാസ്സിനും ആവശ്യമായ ക്ലാസ്സുകൾ തയ്യാറാക്കുന്നതിന് മുൻപ് മികച്ച അധ്യാപകരെ കണ്ടെത്തി സ്ക്രിപ്റ്റ് തയ്യാറാക്കുകയും ഷൂട്ട് ചെയ്തതിനുശേഷം എസ്.സി.ഇ.ആർ.ടി രൂപീകരിച്ചിട്ടുള്ള വിദഗ്ധ സമിതിയുടെ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നു. അതിനുശേഷമാണ് വിക്ടേഴ്സ് വഴി സംപ്രേക്ഷണം ചെയ്യുന്നത്. വിക്ടേഴ്സ് ചാനലിലെ ഓരോ ക്ലാസ്സിനും ആവശ്യമായ തുടർ പ്രവർത്തനവും പിന്തുണയും നൽകുന്നതിന് അധ്യാപകർ സ്കൂൾ തലത്തിൽ തന്നെ വിവിധ ഓൺലൈൻ മാധ്യമങ്ങൾ ഉപയോഗിച്ച് ക്ലാസ്സുകൾ നൽകി വരുന്നു. സവിശേഷ പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് ഗണനിപ്രഭ, ശ്രുതിപാഠം, മുദ്രികാ പാഠം പോലുള്ള സംവിധാനം ഏർപ്പെടുത്തി ആവശ്യമായ പിന്തുണ നൽകി വരുന്നു. ഇക്കാര്യത്തിൽ അധ്യാപകർക്ക് ആവശ്യമായ ശാക്തികരണവും നൽകുന്നുണ്ട്. |
| (ബി) | ഡിജിറ്റൽ പഠനത്തിനു പുറമേ ഓൺലൈൻ ക്ലാസ്സുകൾ നടത്തുന്നതിന് സ്കൂളുകൾ കേന്ദ്രീകരിച്ച് എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്നും എന്നു മുതൽ ഓൺലൈൻ പഠന ക്ലാസ്സുകൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ; | (ബി) | ജി-സ്യൂട്ട് എന്ന ആപ്ലിക്കേഷനിലൂടെ ഓൺലൈൻ ക്ലാസ്സുകൾ ആരംഭിയ്ക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടമായി വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗത്തിലാണ് ജി-സ്യൂട്ട് ആപ്ലിക്കേഷനിലൂടെ ഓൺലൈൻ ക്ലാസ്സുകൾ ആരംഭിക്കാൻ തീരുമാനിച്ചിരിക്കുന്നത്. ആയതിന്റെ ട്രയൽ ആരംഭിച്ചിട്ടുണ്ട്. നിലവിൽ 34 വി.എച്ച്.എസ്.ഇ സ്കൂളുകളിൽ ഇതിന്റെ ട്രയൽ നടക്കുകയാണ്. അധ്യാപകർക്കുള്ള പരിശീലനവും ഇതോടൊപ്പം നടന്നുവരുന്നു. പരിശീലനം ലഭിച്ച അധ്യാപകർ തുടർന്ന് കുട്ടികൾക്ക് ഇത് സംബന്ധിച്ച പരിശീലനം |

| | | | |
|---|---|---|---|
| | | | നൽകുന്നതാണ്. ഘട്ടംഘട്ടമായി ഹയർ സെക്കന്ററിയിലേക്കും പത്താം ക്ലാസ്സിലേക്കും തുടർന്ന് മറ്റ് ക്ലാസ്സുകളിലേക്കും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | ഓൺലൈൻ പഠന സാമഗ്രികൾ ലഭ്യമല്ലാത്ത പാവപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾക്കും മറ്റ് അർഹരായ വിദ്യാർത്ഥികൾക്കും പഠന സാമഗ്രികൾ ലഭ്യമാക്കാൻ എന്തെങ്കിലും പദ്ധതി സർക്കാർ നടപ്പാക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | ഡിജിറ്റൽ ഉപകരണങ്ങളുടേയും ഇന്റർനെറ്റിന്റേയും ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. സർക്കാർ സ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ സ്ഥാപനങ്ങൾ, സർക്കാരിതര ഏജൻസികൾ, സ്വകാര്യ വ്യക്തികൾ, സന്നദ്ധ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ, ജനപ്രതിനിധികൾ, സ്കൂൾ അധികൃതർ, പി.റ്റി.എ/എസ്.എം.സി. തുടങ്ങിയവരുടെ സഹകരണത്തോടെ ഒരു ലക്ഷത്തിൽപ്പരം ഡിജിറ്റൽ ഉപകരണങ്ങൾ ഇതിനകം കുട്ടികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഇനിയും ഡിജിറ്റൽ ഉപകരണങ്ങളില്ലാത്ത കുട്ടികളെ കണ്ടെത്തുന്നതിനായി സംസ്ഥാനതല ക്യാമ്പയിൻ സംഘടിപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്കൂൾ അധികൃതരുടേയും, പി.റ്റി.എ. യുടേയും നേതൃത്വത്തിൽ സ്കൂൾതല കണക്കെടുപ്പ് ജൂലൈ 22 ഓടേ പൂർത്തിയായിട്ടുണ്ട്. സംസ്ഥാനതലത്തിൽ കണക്കുകൾ ക്രോഡീകരിച്ച് ലഭ്യമാകുന്നതോടെ ഡിജിറ്റൽ ഉപകരണങ്ങൾ ഇല്ലാത്ത കുട്ടികൾക്ക് ഉപകരണങ്ങൾ ലഭ്യമാകുന്നതിനുള്ള നടപടികൾ എടുക്കാനാകും. |

സെക്ഷൻ ഓഫീസർ